**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനെ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിലെ രക്ഷാപ്രവർത്തനങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള പരിശീലനം നൽകാനും മറ്റ് സജ്ജീകരണങ്ങൾ ക്രമീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള രക്ഷാ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പരിശീലനം ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ താഴെപറയുന്ന പാഠ്യവിഷയങ്ങൾ ഉൾപ്പെടുത്തി Basic/inservice പരിശീലനങ്ങൾ നല്കി വരുന്നു.<br><br>1. Mountain Rescue Techniques<br><br>ഉയർന്ന കെട്ടിടങ്ങളിലും ചെങ്കുത്തായ മലനിരകളിലും അപകടത്തിൽപ്പെടുന്നവരുടെ രക്ഷാപ്രവർത്തനത്തിന് പ്രാപ്തരാക്കാൻ ഉതകുന്ന പരിശീലനം.<br><br>2. Basic life Support<br><br>പ്രകൃതിദുരന്തങ്ങൾ, വാഹനാപകടങ്ങൾ, ജലാശയ അപകടങ്ങൾ തുടങ്ങിയ വിവിധ അപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ നിലനിർത്തുന്നതിനായി സംഭവസ്ഥലത്ത് അവലംബിക്കേണ്ടതായ പ്രഥമ ശുശ്രൂഷ മാർഗ്ഗങ്ങൾ ഉൾപ്പെടുന്ന പരിശീലനം.<br><br>3. Apdamithra പരിശീലനങ്ങൾ<br><br>ആഴമേറിയ ജലാശയങ്ങളിൽ അകപ്പെടുന്നവരുടെ രക്ഷാപ്രവർത്തനത്തിനായി Improvised Floating devices, Commando bridge, Burma bridge മുതലായവ സംഭവസ്ഥലത്ത് ദ്രുതഗതിയിൽ നിർമ്മിക്കുന്നതിനും ആയത് പരിപാലിക്കുന്നതിനുമായി നൽകിവരുന്ന പരിശീലനങ്ങൾ.<br><br>4. Training on the effective use of turn out Gear with BA set & Introduction to Advanced Operational Strategies |

വൻ അഗ്നിബാധകളിലും വിവിധ അപകടങ്ങളിലും അകപ്പെടുന്നവരുടെ രക്ഷാപ്രവർത്തനത്തിനായി വ്യക്തി സുരക്ഷാ ഉപകരണങ്ങളും Fire fighting Suits, Breathing Apparatus, Helmet എന്നിവ ശരിയായ രീതിയിൽ ധരിച്ച് രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള പരിശീലനം.

5. Search & Rescue Operation in Collapsed Structures

വലിയ അപകടങ്ങളിലും പ്രകൃതിദുരന്തങ്ങളിലും സമയബന്ധിതമായും ഫലപ്രദമായും രക്ഷാപ്രവർത്തനം നടത്തുന്നതിന് ഫയർ ആൻ്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കീഴിൽ രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ഫോഴ്സിൽ അംഗങ്ങളായ ജീവനക്കാർക്ക് ആരക്കോണത്തെ NDRF പരിശീലന കേന്ദ്രത്തിൽ വച്ച് പരിശീലനം ലഭ്യമായിട്ടുണ്ട്.

കൂടാതെ NDRF പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന താഴെ പറയുന്ന പരിശീലനങ്ങളിൽ ജീവനക്കാരെ നിയോഗിച്ചുവരുന്നു.

A. Vertical Rope Rescue

B. Biological Incident First Responders

c. Chemical Disaster First Responders

D. Flood/Cyclone Disaster Responders, etc.

6. Basic open water Diving courses, Advanced open water Diving courses, Night Diving Courses

ആഴമേറിയ ജലാശയങ്ങളിൽ അകപ്പെടുന്നവരുടെ രക്ഷാപ്രവർത്തനത്തിനുതകുന്ന തരത്തിലുള്ളതും വകുപ്പിലെ Scuba Divers-ന് രാത്രികാല പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിലുള്ളതുമായ പരിശീലനം എന്നിവ എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ജലസുരക്ഷാവിദഗ്ധ പരിശീലന കേന്ദ്രത്തിൽ വച്ച് നല്കിവരുന്നു.

മേൽപ്പറഞ്ഞ പരിശീലനങ്ങൾ കൂടാതെ കാലികമായ വെല്ലുവിളികളെ നേരിടുന്നതിന് ഉപകാരപ്രദമാകുന്ന പ്രത്യേക പരിശീലനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യകതയനുസരിച്ച് വകുപ്പിലെ ജീവനക്കാർക്കായി നൽകിവരുന്നു.

| | | | |
|---|---|---|---|
| | | | വകുപ്പിലെ ജീവനക്കാർക്ക് പുറമെ രക്ഷാപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി പ്രാദേശികമായി തെരഞ്ഞെടുക്കപ്പെട്ട സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് സ്റ്റേഷൻ തലത്തിലും, ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലുമായി അഗ്നിശമന രക്ഷാപ്രവർത്തനങ്ങളെ കുറിച്ച് 15 ദിവസത്തെ പരിശീലനം നൽകി വരുന്നു. |
| (ബി) | എങ്കിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | പിരിവ്(എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ